# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 22, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

<u>മന്ത്രിമാരുടെ ഓഫീസുകളിൽ കുറ്റവാളികൾ കയറുന്നത് തടയാൻ സംവിധാനം</u>

*151 ശ്രീ. പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കെ. സദാശിവൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ കുറ്റവാളികൾ കയറുന്നത് നിയന്ത്രിക്കാനും നിരീക്ഷിക്കാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ട സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ ; ഇതിൽ ബന്ധപ്പെട്ട ഓഫീസുകളുടെ പങ്ക് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) കുറ്റവാളികൾ മന്ത്രിമാരുടെ ഓഫീസുകളിൽ കയറിയിറങ്ങുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച റിപ്പോർട്ടും അതേ തുടർന്ന് പുറപ്പെടുവിച്ച പരിപത്രവും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) കുറ്റവാളികളുടെ ഏകീകൃത ഡാറ്റാബേസ് തയ്യാറാക്കാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

(ഡി) എങ്കിൽ ഇതിനകം ലഭിച്ച വിവരങ്ങളുടെയടിസ്ഥാനത്തിൽ അവലോകനം നടത്തുകയുണ്ടായോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി പങ്കെടുത്ത മന്ത്രിസഭായോഗം</u>

*152 ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, പി.കെ. ഗുരുദാസൻ
,, ബി. സത്യൻ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക മന്ത്രിസഭായോഗത്തിൽ പ്രധാനമന്ത്രി പങ്കെടുക്കണമെന്ന് സംസ്ഥാന സർക്കാർ മുൻകൂട്ടി ആവശ്യപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് കത്തയച്ചത് എപ്പോഴായിരുന്നു; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിനായി പ്രത്യേക മന്ത്രിസഭായോഗം തന്റെ സാന്നിധ്യത്തിൽ ചേരാൻ പ്രധാനമന്ത്രി സമയം അനുവദിക്കുകയുണ്ടായോ;

(സി) എങ്കിൽ പ്രസ്തുത യോഗത്തിന്റെ അജണ്ട എന്തായിരുന്നു; ഇതു സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നോട്ടീസിന്റെയും അജണ്ടയുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എവിടെയാണ് പ്രത്യേക മന്ത്രിസഭായോഗം ചേർന്നത്; അവിടെ യോഗം ചേരുന്നതിന് അനുവാദത്തിനായി ചീഫ് സെക്രട്ടറി കത്തു നൽകിയിരുന്നോ; അനുവാദത്തിനായി നൽകിയതും അനുവാദം നൽകിക്കൊണ്ടുളളതുമായ കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പ്രത്യേക മന്ത്രിസഭായോഗത്തിൽ ആരെല്ലാം പങ്കെടുത്തിരുന്നു; എന്തൊക്കെയായിരുന്നു തീരുമാനങ്ങൾ; വിശദമാക്കാമോ; മന്ത്രിമാരിൽ പങ്കെടുക്കാതിരുന്നവർ ആരൊക്കെയായിരുന്നു;

(എഫ്) പ്രധാനമന്ത്രി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളിൽ തീരുമാനം പ്രഖ്യാപിക്കുകയുണ്ടായി?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യ്ക്ക് സംരക്ഷണം

*153 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സുകളുടെ സംരക്ഷണത്തിനായി കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ പ്രഖ്യാപിച്ചിട്ടുള്ള സംരക്ഷണ നടപടികൾ എന്തെല്ലാമാണെന്ന് അറിയാമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ;

(സി) നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ കെ.എസ്.ആർ.ടി.സി ഇന്ന് നേരിടുന്ന പ്രതിസന്ധിയിൽ നിന്ന് കരകയറാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ജയിലിൽ കഴിയേണ്ടിവരുന്ന നിരപരാധികൾ</u>

*154 ശ്രീ. സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ തടവിൽ കഴിയുന്നതിൽ നാല്പതു ശതമാനത്തോളം പേർ നിരപരാധികളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതിവിശേഷം എങ്ങിനെയുണ്ടായി എന്നതു സംബന്ധിച്ചും കാരണങ്ങൾ സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിരപരാധികൾ തടവുശിക്ഷ അനുഭവിക്കാൻ ഇടവരുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളാകുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ നിയമ നിർമ്മാണം നടത്തുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനം

*155 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത വേഗത്തിലും അലക്ഷ്യമായും വാഹനം ഓടിക്കുന്നവരെ പിടികൂടാനുള്ള സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്രകാരം കണ്ടെത്തുന്ന വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ നിരക്ക് കുറയ്ക്കാൻ പുതിയ സംവിധാനം എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജൈവസാങ്കേതികവിദ്യാനയം</u>

*156 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവസാങ്കേതികവിദ്യാനയത്തിനു രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ, അതിന്റെ നടത്തിപ്പിന് ഏതെല്ലാം ഏജൻസികൾ/സ്ഥാപനങ്ങളെയാണു ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിനായി 2012-13, 2013-14 എന്നീ വർഷങ്ങളിൽ എന്തു തുക വകയിരുത്തി; എന്തു തുക ചെലവഴിച്ചു;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം ഈ രംഗത്ത് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ</u>

*157 ശ്രീ. എം. ഹംസ
,, എളമരം കരീം
,, കെ. കെ. നാരായണൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) മത്സ്യമേഖലയിലെ പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ഭൂമി, പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ ദാരിദ്ര്യത്തിലാണെന്നറിയാമോ; എങ്കിൽ പ്രഖ്യാപിത പദ്ധതികൾ നടപ്പാക്കുന്നതിൽ ഉണ്ടായിരിക്കുന്ന വീഴ്ചകൾ പരിഹരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും തയ്യാറാകുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണങ്ങളിൽനിന്നും സംരക്ഷണം</u>

*158 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്കും, വിളകൾക്കും വന്യജീവികളിൽനിന്നും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കുവാൻ സർക്കാർ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട്</u>

*159 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലകളെ പൂർണ്ണമായും കസ്തൂരിരംഗൻ റിപ്പോർട്ടിൽനിന്നും ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ട് സർക്കാർ നിയോഗിച്ച കമ്മീഷൻ, റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പശ്ചിമഘട്ടപ്രദേശങ്ങളിൽ അനുമതി കൂടാതെ പ്രവർത്തിക്കുന്നതും വനമേഖലയിൽ ഉൾപ്പെടുന്നതുമായ ക്വാറികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് എന്ത് തീരുമാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വർഗ്ഗീയസംഘടനകളെ നിയന്ത്രിക്കാൻ നടപടി</u>

*160 ശ്രീ. കെ. രാധാകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ വർദ്ധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ മുഖ്യകാരണം പരിശോധിക്കുകയുണ്ടായോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വർഗ്ഗീയ–സാമുദായികസംഘർഷങ്ങളും ലഹളകളും ഉണ്ടായതായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന വർഗ്ഗീയസംഘടനകളിൽനിന്നും ജനങ്ങളുടെ ഐക്യത്തിനു വെല്ലുവിളി നേരിടുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർഗ്ഗീയസംഘടനകളെ ഏതെല്ലാം നിലയിലാണു നിയന്ത്രിക്കാനുദ്ദേശിക്കുന്നത്; മതനിരപേക്ഷതയ്ക്കുവേണ്ടി ശക്തമായ നിലപാടെടുക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.01.2014–ലെ മറുപടിക്ക്**

എക്സൈസ് വകുപ്പിന്റെ ആധുനികവല്‍ക്കരണം

*161 ശ്രീ. സി. പി. മുഹമ്മദ്
,, ഹൈബി ഈഡന്‍
,, വര്‍ക്കല കഹാര്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവല്‍ക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ക്രമസമാധാന പരിപാലനവും കുറ്റാന്വേഷണ ചുമതലയും

*162 ശ്രീ. പി. സി. വിഷ്ണുനാഥ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്;വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വിദേശകപ്പലുകൾ തീരദേശത്ത് മത്സ്യബന്ധനം നടത്തുന്നത് മൂലമുള്ള വിഭവശോഷണം</u>

*163 ഡോ. കെ. ടി. ജലീൽ
ശ്രീ. എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ കപ്പലുകളും ട്രോളറുകളും സംസ്ഥാനത്തെ കടൽതീരദേശത്ത് മത്സ്യബന്ധനം നടത്തുന്നത് മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശ ട്രോളറുകളെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയമാണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്ന് അറിയാമോ;

(സി) വിദേശകപ്പലുകൾ ഇന്ത്യയിൽ ബിനാമി പേരുകളിൽ രജിസ്റ്റർ ചെയ്ത് തീരദേശത്ത് മത്സ്യബന്ധനം നടത്തുന്നത് വിഭവശോഷണത്തിന്റെ മുഖ്യകാരണമാണെന്നറിയാമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ നിലപാട് മാറ്റുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്താൻ ശ്രമിക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

## കേരള സ്പോർട്സ് ഡവലപ്പ്മെന്റ് ഫണ്ട്

*164 ശ്രീ. ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് ഡവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കായിക താരങ്ങൾക്ക് അന്തർദേശീയ അവസരങ്ങൾ ലഭിക്കുന്നതിനും വിദേശ കായിക പരിശീലകരെ ഏർപ്പെടുത്തുന്നതിനും ഈ ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

<u>മത്സ്യഗ്രാമ വികസന പദ്ധതി</u>

*165 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം</u>

*166 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം കൊണ്ടുവരുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുളളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

നെയ്യാർ നദീജലത്തിൽ തമിഴ്നാടിന്റെ അവകാശവാദം

*T.167 ശ്രീ. എസ്. രാജേന്ദ്രൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാർ നദിയിലെ ജലത്തിൽ അവകാശമുന്നയിച്ചുകൊണ്ട് തമിഴ്നാട് സർക്കാർ കത്തു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ ;

(ബി) ഈ പ്രശ്നത്തിൽ സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരമുള്ള പരിഗണനാവിഷയങ്ങൾ കോടതിയെ അറിയിച്ചിരുന്നുവോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും</u>
<u>മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും</u>

*168 ശ്രീ. വി. ശശി
'' പി. തിലോത്തമൻ
'' കെ. അജിത്
'' ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് നല്കണമെന്ന ആവശ്യം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യഫെഡിന്റെ വിപണി ഇടപെടൽ കാര്യക്ഷമമല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മത്സ്യഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഹൗസ് ബോട്ടുകളുടെ നിയന്ത്രണം

*169 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ട് മേഖലയെ നിയന്ത്രിക്കുന്നതിനും ഇവയുടെ സുരക്ഷയ്ക്കും ഇവമൂലം ഉണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് എന്തു സംവിധാനമാണുള്ളത്;

(ബി) ഹൗസ് ബോട്ടുകളുടെ എണ്ണം ഓരോ സീസണിലും വർദ്ധിക്കുന്ന സാഹചര്യത്തിൽ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഫലപ്രദമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൗസ് ബോട്ടിലെ യാത്രക്കാർക്കും ജോലിക്കാർക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനും മലിനീകരണം ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ ബസ്സുകളുടെയും വാനുകളുടെയും പരിശോധന</u>

*170 ശ്രീ. കെ. എം. ഷാജി
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ കയറ്റുന്ന സ്കൂൾ ബസ്സുകളുടെയും വാനുകളുടെയും കാര്യത്തിൽ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഡ്രൈവർ, ക്ലീനർ എന്നിവർ മദ്യപിച്ചിട്ടില്ലെന്നും, പാൻപരാഗ് പോലുള്ള ഉല്പന്നങ്ങൾ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്താൻ ആവശ്യമായ പരിശോധനകൾ തുടർച്ചയായി നടത്താൻവേണ്ട നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വിജിലൻസിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ</u>

*171 ശ്രീ. റ്റി. വി. രാജേഷ്
,, ജി. സുധാകരൻ
,, കെ. ദാസൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കൂട്ടിലടച്ച തത്തയാണെന്ന മുഖ്യവിവരാവകാശക്കമ്മീഷണറുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുതവിമർശനത്തിനിടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) 'രാഷ്ട്രീയപ്രതിയോഗികൾക്കെതിരെ ഉപയോഗിച്ചുവരുന്നു', 'ഭരണനേതൃത്വ ത്തിലുള്ളവരുടെ കേസ്സുകൾ തള്ളുന്നു' എന്നുതുടങ്ങി സംസ്ഥാന വിജിലൻസിനെക്കുറിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ സംബന്ധിച്ചു പരിശോധിക്കുമോ;

(സി) രാഷ്ട്രീയ എതിരാളികളെ നിശ്ശബ്ദമാക്കാൻ വിജിലൻസ് സംവിധാനത്തെ ദുരുപയോഗം ചെയ്യുകയാണെന്ന് കേരളാ ഹൈക്കോടതി വിധിപ്രസ്താവനയിൽ പരാമർശിക്കാനിടയായ സാഹചര്യം വിലയിരുത്തുമോ;

(ഡി) വിജിലൻസിനെ നിയമപരിരക്ഷയോടെ നിഷ്പക്ഷവും ഊർജ്ജസ്വലവുമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>തുറമുഖ നിർമ്മാണ ടെൻഡറുകൾ</u>

*172 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തുറമുഖങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെൻഡറുകൾ വിളിച്ചിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) ഏതെങ്കിലും തുറമുഖങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കബോട്ടാഷ് നിയമത്തിൽ ഇളവുകൾ ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്ക് എന്തെല്ലാം ഇളവുകൾ നേടിയെടുക്കേണ്ടതായിട്ടുണ്ടെന്നും അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ചെയർമാൻ പദവികൾ

*173 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' എ.കെ. ബാലൻ
'' എ.എം. ആരിഫ്
'' കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളിലേതുൾപ്പെടെ എല്ലാ ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ചെയർമാൻ പദവികൾ ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മന്ത്രിതുല്യപദവിയോ സൗകര്യങ്ങളോ ഏതെല്ലാം ചെയർമാൻമാർക്കാണ് നൽകിയിട്ടുള്ളത്;

(സി) പദവിയും സൗകര്യങ്ങളും ഏകീകരിക്കുമ്പോൾ ഓരോ സ്ഥാപനത്തിന്റെയും സാമ്പത്തിക സ്ഥിതിയും ഘടനയും പ്രവർത്തനവും പരിഗണിച്ചിട്ടുണ്ടോ;

(ഡി) പ്ലാനിംഗ് ബോർഡ് പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ശുപാർശകൾ എന്താണെന്ന് വിശദമാക്കാമോ;

(ഇ) പദവിയും ആനുകൂല്യങ്ങളും സംബന്ധിച്ച് പുതുതായി കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത വിഷയത്തിൽ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന തീരുമാനങ്ങൾ ഉണ്ടോ; എങ്കിൽ അധിക സാമ്പത്തിക ബാദ്ധ്യതകൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

മദ്യനയം

*174 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, ബാബു എം. പാലിശ്ശേരി
,, പി. കെ. ഗുരുദാസന്‍
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യനയം രൂപപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷന്‍ റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ; കമ്മീഷന്റെ ടേംസ് ഓഫ് റഫറന്‍സ് എന്തൊക്കെയായിരുന്നു;

(ബി) കമ്മീഷന്‍ മുന്നോട്ടുവെച്ച ശുപാര്‍ശകള്‍ എന്തെല്ലാം; ഇതില്‍ അംഗീകരിച്ചവയും തള്ളിക്കളഞ്ഞവയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) കമ്മീഷനെ നിയോഗിച്ചതിനു ശേഷം തുടര്‍ന്നുവന്ന മദ്യനയം എന്തായിരുന്നു; വിശദമാക്കാമോ; ഈ സര്‍ക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ഏതെങ്കിലും ബാര്‍ ലൈസന്‍സ് റദ്ദു ചെയ്യുകയുണ്ടായോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ അനുവദിയ്ക്കുന്നതിനുള്ള ബാങ്കുകളുടെ വൈമുഖ്യം</u>

*175 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ അനുവദിച്ച് നൽകുന്ന കാര്യത്തിൽ ബാങ്കുകൾ വൈമുഖ്യം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനത്ത് ഒരു ബാങ്കിങ്ങ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ;

(സി) സ്റ്റേറ്റ് ലെവൽ ബാങ്കിങ്ങ് കമ്മിറ്റി വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ഡി) യോഗ്യതാപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 60% മാർക്ക് ലഭിച്ചവർക്ക് മാത്രമേ വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുള്ളൂ എന്ന വ്യവസ്ഥ സ്റ്റേറ്റ് ലെവൽ ബാങ്കിങ്ങ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) വായ്പ വിതരണത്തിൽ ഉദാരസമീപനം സ്വീകരിക്കുവാൻ ബാങ്കുകളെ ഏതെല്ലാം വിധത്തിൽ നിർബന്ധിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>പേപ്പർലെസ് ഓഫീസ് സംവിധാനം</u>

*176 ശ്രീ. ആർ. ശെൽവരാജ്
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് ഓഫീസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം

*177 ശ്രീ. എസ്. ശർമ്മ
,, കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ച് അറബിക്കടലിന്റെ അടിത്തട്ടിൽ നിന്നുള്ള മത്സ്യബന്ധനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നിരോധിത മാർഗ്ഗങ്ങളുപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് തീരക്കടലിൽ നടക്കുന്ന മത്സ്യബന്ധനം പരമ്പരാഗത മത്സ്യബന്ധന മേഖലയെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

<u>തടവുകാരോടുള്ള സമീപനത്തിലുണ്ടാകേണ്ട മാറ്റം</u>

*178 ശ്രീ. എളമരം കരീം
,, എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവു കാലാവധി കഴിഞ്ഞ് പുറത്തിറങ്ങുന്ന ജയിൽ തടവുകാരെ നല്ല മനുഷ്യരാക്കി തീർക്കുന്നതിനും മനുഷ്യോചിതമായ പെരുമാറ്റം ഉറപ്പാക്കുന്നതിനും ജയിലുകളിൽ നടപടി സ്വീകരിക്കുമോ ;

(ബി) ഒരാളും കുറ്റവാളിയായി ജനിക്കുന്നില്ലെന്നും ഏതൊരു കുറ്റവാളിയേയും നല്ല മനുഷ്യനാക്കി മാറ്റാൻ സാധിക്കുമെന്നുള്ള സങ്കല്പത്തോടുകൂടിയ ജയിൽ പരിഷ്കാരങ്ങൾക്ക് തുടക്കം കുറിക്കുമോ ;

(സി) ജയിലുകളിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പരോളിനുള്ള സൗകര്യങ്ങൾ കൂടുതൽ ഉദാരമാക്കുന്നതിനും തയ്യാറാകുമോ ?

**കേരള നിയമസഭ**
**22.01.2014–ലെ മറുപടിക്ക്**

<u>പൗരാവകാശ രേഖ പ്രദർശിപ്പിക്കുന്നതിന് നടപടി</u>

*179 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും എത്രത്തോളം മെച്ചപ്പെട്ടുവെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സേവനാവകാശനിയമപ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുളള നടപടി ക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശ രേഖ ബന്ധപ്പെട്ട ഓഫീസുകളുടെ മുന്നിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ പാലിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സർവ്വേ</u>

*180 ശ്രീ. എം. എ. വാഹിദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം അറിയുന്നതിനും, വികസനപദ്ധതികൾ ഫലപ്രദമാക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണു സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2014 ജനുവരി 13.

പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.